പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 38

28.1.2019 ൽ
മറുപടിക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടവും പരീക്ഷരീതിയും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) സംവരണ വിഷയത്തിൽ കരട് വിശേഷാൽ ചട്ടത്തിൽ പുതുതായി എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) വിശേഷാൽ ചട്ടത്തിൽ നിയമസഭ അംഗീകരിച്ച മൂന്ന് ഭേദഗതികളടക്കം ചില ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്. |
| ബി) കെ.എ.എസിലെ രണ്ടും മൂന്നും ശ്രേണിയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്കും പൊതു വിഭാഗത്തിനുള്ള നിയമനങ്ങൾക്കും ഒരേ പരീക്ഷയാണോ നടത്തുന്നത്; ഓരോ വിഭാഗത്തിലേക്കുമുള്ള പരീക്ഷ രീതി, സിലബസ് അടക്കമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | ബി) അതെ. പരീക്ഷാ രീതി, സിലബസ് എന്നിവയിൽ അന്തിമ തീരുമാനമായിട്ടില്ല. |
| സി) വിശേഷാൽ ചട്ടത്തിൽ രണ്ടും മൂന്നും ശ്രേണിയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമുണ്ടാകുന്ന സംവരണ നഷ്ടം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | സി) കെ.എ.എസ്. ന്റെ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച നിയമവശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ